**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 795** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാർക്കുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പേരെയാണ് മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 267 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗ യുവതീയുവാക്കൾക്കാണ് ജോലി നൽകിയിട്ടുള്ളത്; വിശദീകരിക്കാമോ; | (ബി) | സർക്കാർ സർവ്വീസിലെ പട്ടിക ജാതി/പട്ടിക വർഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം വാർഷിക അവലോകനം ചെയ്യുകയും പ്രാതിനിധ്യകുറവ് ഉള്ള വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വിവിധ വകുപ്പുകളിലായി 572 പട്ടികവർഗ്ഗ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ സർക്കാർ സർവ്വീസ് ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | ഉണ്ട്. |
| (ഡി) | ഒരു പട്ടികവർഗ്ഗകുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഇ) | ലാന്റ് ബാങ്ക് പ്രകാരം വയനാട് ജില്ലയിൽ എത്ര പട്ടികവർഗ്ഗ കുടുംബത്തിന് ഭൂമി നൽകി; എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ഭൂമി നൽകാനുള്ളത്; പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഇ) | ലാന്റ് ബാങ്ക് പ്രകാരം വയനാട് ജില്ലയിൽ നിലവിൽ 6.76 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ഭൂമി 10 സെന്റ് വീതം 58 ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | കൂടുതൽ പഠനവീടുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; | (എഫ്) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഊരുകൾ കേന്ദ്രീകരിച്ച് നിലവിൽ 250 സാമൂഹ്യ പഠനമുറികൾ എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചു വരുന്നു. 2020-21 സാമ്പത്തിക വർഷം 250 സാമൂഹ്യ പഠനമുറികൾ കൂടി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ജി) | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ നൽകാൻ നടപടിയെടുക്കുമോ; ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടോ; ഐ.എ.എസ്. കോച്ചിംഗിനായി പ്രസ്തുത ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (ജി) | പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും സർക്കാർ നടപ്പിലാക്കിവരുന്നു. നൈപുണ്യ പരിശീലന ത്തിന്റെ അഭാവം മൂലം പട്ടികവർഗ്ഗക്കാരായ യുവാക്കൾക്ക് പല മേഖലകളിലും തൊഴിൽ നേടാൻ കഴിയാതെ വരുന്നു. വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവജന ങ്ങൾക്ക് അവരുടെ വിദ്യാഭ്യാസത്തോടൊപ്പം അഭിരുചിയ്ക്കനുസൃതമായ തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കുന്നു. വിവിധ മേഖലകളിൽ വർദ്ധിച്ചു വരുന്ന തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി സ്വകാര്യ, പൊതു മേഖലാ സ്ഥാപനങ്ങളുമായി തൊഴിൽ സാധ്യതയുള്ള തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റുകൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സർക്കാർ/ സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ 16 സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 46 കോഴ്സുകളിലായി 5658 പേർക്ക് പരിശീലനം നൽകുകയും ആയതിൽ 2990 പേർ പരിശീലന പരിപാടികൾ പൂർത്തീകരിച്ച് പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 22 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തിയിട്ടുണ്ട്. ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിതർ 7930 പേരും ഭൂമിയുള്ള ഭവനരഹിതർ 16070 പേരും ഉണ്ട്. ഇവർക്ക് ലൈഫ് മിഷൻ മുഖേന ഭൂമിയും വീടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സിവിൽ സർവ്വീസ് പരിശീലനം പട്ടികവർഗ്ഗ വികസന വകുപ്പ് സിവിൽ സർവ്വീസ് പരിശീലനത്തിനായി നിലവിൽ |

| | | | |
|---|---|---|---|
| | | | അപേക്ഷകളൊന്നും സ്വീകരിക്കുന്നില്ല. എന്നിരുന്നാലും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുടെ നേതൃത്ത്വത്തിൽ കേരള സിവിൽ സർവ്വീസ് അക്കാദമി മുഖേന ഒരു വർഷത്തെ പ്രത്യേക പരിശീലനം നൽകുന്നു. |

സെക്ഷൻ ഓഫീസർ